**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി (i/c) യുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ശ്രീമതി. മിനി വി.)**

വിഷയം:- കെ.എസ്.ബി.ബി. - പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ബി.എം.സി. പ്രമേയങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാങ്കേതിക വിഭാഗം**

നം. 4075/എ5/2019/കെ.എസ്.ബി.ബി. തിരുവനന്തപുരം, 28.10.2020

പരാമർശം:- 1) 2002 ലെ ജൈവവൈവിധ്യ നിയമം, വകുപ്പ് 41, 2004 ലെ കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ, ചട്ടം 22, 2008 ലെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, ചട്ടം 20.
2) 03.03.2020 ലെ സ.ഉ. (കൈ)നം. 05/2020/പരി. നമ്പർ സർക്കാർ ഉത്തരവ്.
3) 13.01.2020 ലെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 51-ാം മത് യോഗതീരുമാനം.
4) 26.08.2020 ലെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 52-ാംമത് യോഗതീരുമാനം.
5) 19.09.2018 ലെ സ.ഉ. (സാധാ)നം. 2462/2018/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പ്രാദേശികതലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ, പരാമർശം 1 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുള്ള സമിതികളാണ് ജൈവവൈവിധ്യ പരിപാലന സമിതികൾ അഥവാ ബി.എം.സി. കൾ. പ്രാദേശികമായിട്ടുള്ള എല്ലാവിധ ജൈവ-ആവാസവ്യവസ്ഥകളുടെയും പരിപാലനം, കൃഷിചെയ്യുന്നതോ/ പോറ്റിവളർത്തുന്നതോ ആയിട്ടുള്ള വിളകൾ/ കന്നുകാലിയിനങ്ങൾ, നാടൻ ഇനങ്ങൾ, പാരമ്പര്യ ഇനങ്ങൾ, സൂക്ഷ്മജീവികൾ തുടങ്ങിയവയുടെ സംരക്ഷണം എന്നിവ ബി.എം.സി. കളുടെ നിർദ്ദിഷ്ട ചുമതലകളിൽ ഉൾപ്പെടുന്നു.

മേൽ പ്രസ്താവിച്ചതിൻ പ്രകാരം ബി.എം.സി. കൾക്ക് അവരുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രദേശത്തെ ജൈവവൈവിധ്യ സമ്പന്നമായ മേഖലകൾ/ആവാസവ്യവസ്ഥകൾ, ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ള വൃക്ഷങ്ങൾ എന്നിവ അതാത് പ്രദേശത്തിന്റെ സംരക്ഷണത്തിന് പര്യാപ്തമാകുംവിധം, ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ സഹായത്തോടെ പ്രാഥമിക ജൈവവൈവിധ്യ പഠനം നടത്തിയശേഷം ബോർഡിന്റെ അനുമതിയോടുകൂടി, 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷം' ആയി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിന് പരാമർശം 2 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ, 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷം' ആയി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാനത്തെ

വിവിധ ജില്ലകളിലെ ബി.എം.സി. കൾ പാസാക്കി നാളിതുവരെ ബോർഡിൽ സമർപ്പിച്ചിട്ടുള്ള പ്രമേയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് പരാമർശം 3, 4 പ്രകാരം അനുമതി നൽകിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയുംപ്രകാരം വിവിധ ജില്ലകളിൽ നിന്നും 12 ബി.എം.സി. കൾ സമർപ്പിച്ച പ്രമേയങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ബി.എം.സി. യുടെ പേര്, ജില്ല | പ്രഖ്യാപിത പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷത്തിന്റെ വിശദാംശങ്ങൾ | ബി.എം.സി. പ്രമേയം പാസാക്കിയ തീയതി |
|---|---|---|---|
| 1 | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ നോമ്പിഴി ഗവ. എൽ.പി.എസിന്റെ ജൈവവൈവിധ്യ ഉദ്യാനത്തിൽ സ്ഥിതിചെയ്യുന്ന 200 വർഷത്തിലധികം പഴക്കമുള്ള കശുമാവിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 16.10.2019 |
| 2 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ മൂന്ന്, നാല് വാർഡുകളിലായി സ്ഥിതിചെയ്യുന്ന 60 ഏക്കറോളം വിസ്തൃതിയിലുള്ള പന്നിവേലിച്ചിയെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 26.10.2019 |
| 3 | പന്തളം നഗരസഭ, പത്തനംതിട്ട | വൃക്ഷങ്ങൾ - നഗരസഭയുടെ 26 -ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൊറ്റില്ലങ്ങളായ 2 നാട്ടുമാവുകൾ, ഒരു ഏഴിലംപാല, 3 ഇലവ് മരങ്ങൾ, 3 പീലിവാക, 2 ബദാം മരങ്ങൾ, ഒരു ആഞ്ഞിലി, ഒരു പേരാൽ, 3 അരയാൽ ഉൾപ്പെടെ 16 വൃക്ഷങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 12.11.2019 |
| 4 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | വൃക്ഷങ്ങൾ - ഗ്രാപഞ്ചായത്തിലെ രണ്ടാം വാർഡിലെ എം.എം.എം. ഗവ. എൽ. പി. സ്കൂൾ കോമ്പൗണ്ടിൽ | 05.12.2019 |

| | | | |
|---|---|---|---|
| | | സ്ഥിതിചെയ്യുന്ന 250 വർഷം പഴക്കമുള്ള 2 ചെമ്പകമരങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | |
| 5 | ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ശാർക്കര മലയാളം പള്ളിക്കൂടം കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന 150 വർഷത്തോളം പഴക്കമുള്ള നാട്ടുമാവിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 07.12.2019 |
| 6 | മുദാക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ അയിലം ശിവ ക്ഷേത്രത്തിനു സമീപമുള്ള 10 സെന്റോളം വരുന്ന കടൽക്കണ്ടം എന്ന ഒരിക്കലും വറ്റാത്ത ജലസ്രോതസ്സ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം.<br><br>വൃക്ഷങ്ങൾ - ഗ്രാമപഞ്ചായത്തിലെ അയിലം പെരുമാമഠനത്തിനു സമീപമുള്ള 200 വർഷം പഴക്കമുള്ള ആൽമരം, ഏഴാം വാർഡിൽ പൂവണത്തുംമൂട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന 200 വർഷത്തിലധികം പഴക്കമുള്ള പൂവണം എന്നീ രണ്ട് വൃക്ഷങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 11.12.2019 |
| 7 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത്, കോട്ടയം | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 'ട പുഴ' എന്ന സ്ഥലത്ത് മീനച്ചിലാറിന്റെ തീരത്ത് | 12.12.2019 |

| | | | |
|---|---|---|---|
| | | സ്ഥിതിചെയ്യുന്ന 200 വർഷത്തോളം പഴക്കമുള്ള നാട്ടുമാവ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. ടി നാട്ടുമാവിൽ വംശനാശഭീഷണി നേരിടുന്ന Tree lizard എന്ന പല്ലി വർഗ്ഗത്തെ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത മരത്തിന്റെ ചുവട്ടിൽ അപൂർവ്വയിനത്തിൽപ്പെട്ട ചെത്തികളായ *Ixora malabarica, Ixora lanceolaria* എന്നീയിനങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. | |
| 8 | ആലക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ | വനപ്രദേശ സമാനമായ തുരുത്ത് - തളിപ്പറമ്പ് താലൂക്കിൽ 15 ഏക്കറിലധികം വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന അപൂർവ്വയിനം സസ്യൃജന്തു വൈവിധ്യത്താൽ സമ്പന്നമായ ഈയ്യ ഭരണി തുരുത്തിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 27.12.2019 |
| 9 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 6 ഏക്കർ 72 സെന്റ് വിസ്തൃതിയിലുള്ള ജൈവവൈവിധ്യ സമ്പന്നമായ പള്ളിക്കൽ ആറാട്ട് ചിറയെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 03.01.2020 |
| 10 | മൂളിയാർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ കാണപ്പെടുന്ന, തദ്ദേശീയവും, അപൂർവ്വയിനത്തിൽപ്പെട്ടതുമായ മത്സ്യങ്ങളുൾപ്പെടെ ജൈവസമ്പന്നമായ, പയസ്വിനി പുഴയുടെ ഏറ്റവും ആഴം | 01.06.2020 |

| | | | |
|---|---|---|---|
| | | കൂടിയ പ്രദേശമായ കാനത്തൂർ നെയ്യങ്കയത്തെ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | |

തുടർപ്രവർത്തനങ്ങളുടെ ഭാഗമായി, ബി.എം.സി. യുടെയും പരാമർശം 5 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള പരിസ്ഥിതി-ജൈവവൈവിധ്യ പരിപാലന വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽനോട്ടത്തിൽ, പ്രദേശവാസികളുടെ സഹകരണത്തോടെ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കുനുസൃതമായി, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷം പരിപാലിക്കുന്നതിനുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും, പ്രസ്തുത പ്രദേശത്ത് ജൈവവൈവിധ്യ ബോർഡിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട മാതൃകയിൽ ഒരു ബോർഡ് അടിയന്തരമായി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ അതാത് തദ്ദേശസ്ഥാപനങ്ങളും ബി.എം.സി. കളും കൈക്കൊള്ളേണ്ടതാണ്.

**മിനി വി.**
**മെമ്പർ സെക്രട്ടറി (i/c)**

പകർപ്പ്:-

1. ബന്ധപ്പെട്ട എല്ലാ ബി.എം.സി. കൾക്കും
   (പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
   മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
   പന്തളം നഗരസഭ, പത്തനംതിട്ട
   അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
   ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
   മുദാക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
   അയർക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം
   ആലക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
   പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
   മൂളിയാർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്)
2. ജില്ലാ കളക്ടർമാർ (തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ്)
3. ജില്ലാപഞ്ചായത്ത് ബി.എം.സി.
   (തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ്)
4. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ
   (തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ്)
5. ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ
6. ടി.എസ്.ജി. അംഗങ്ങൾ (തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ്)
7. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.എസ്.ബി.ബി.
8. ഫിനാൻസ് ഓഫീസർ, കെ.എസ്.ബി.ബി.
9. ചെയർമാന്റെ പി.എ. (കെ.എസ്.ബി.ബി.)
10. ജില്ലാ കോർഡിനേറ്റർമാർ, കെ.എസ്.ബി.ബി.